LIBRARY ARCHIVES Kerala Legislative Assembly

തെക്കുംകര സമഗ്ര ശുദ്ധജല വിതരണ പദ്ധതി

79 [242] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കുംകര സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം മന്ദഗതിയിലാക്കാൻ തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തെക്കുംകര സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പമ്പിംഗ് മെയിനിന്റെ പണി ഭാഗികമായും ഗ്രാവിറ്റി മെയിനിന്റെ പണി മുഴുവനായും പൂർത്തിയായി. 5.64 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തിയായിട്ടുണ്ട്. 3 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ പ്ലാന്റിന്റെ പണി പൂർത്തിയായിവരുന്നു. വിതരണ ശൃംഖല ഭാഗികമായി പൂർത്തിയായി. ഡാമിനോട് ചേർന്ന് പുഴയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വെൽ-കം-പമ്പ് ഹൗസിന്റെ ടെണ്ടർ പരിശോധനാഘട്ടത്തിലാണ്. കിണർ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ബി) വാഴാനി ഡാമിൽ നിന്നും പ്രസ്തുത പദ്ധതിക്കുവേണ്ടി ജലം ശേഖരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണം മന്ദഗതിയിലാകാൻ കാരണം.

(സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ

80 [243] ശ്രീ. എം. മുരളി:
,, എ. പി. അനിൽകുമാർ:
,, എഴുകോൺ നാരായണൻ:
ശ്രീമതി രാധാരാഘവൻ:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ശുദ്ധജല തടാകങ്ങളാണുള്ളത്;

(ബി) ഇവയിലെ ജലവിതാനം കുറഞ്ഞുവരുന്നുണ്ടോ;